(എഫ്) ഏറെറടുത്ത സ്ഥലത്തിന് പെട്രോളിയം കമ്പനി സർക്കാരിന് വില നൽകിയിട്ടുണ്ടോ;

(ജി) ഇതിനുവേണ്ടി ഭൂമി നൽകിയ ഭൂവുടമകൾക്ക് സർക്കാർ പണം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എച്ച്) ഭൂമിയുടെ ഉടമകൾക്ക് പണം നൽകാത്തതുമൂലം റവന്യൂ ബോർഡിലെ വാഹനങ്ങൾ കോടതി ജപ്തി ചെയ്തിട്ടുണ്ടോ;

(ഐ) യഥാസമയം പണം നൽകാത്തതുമൂലം സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി, ഡി, ഇ, എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി, എച്ച്, ഐ) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ ഭൂരഹിതർ

5 [1557] ശ്രീ. എ. കണാരൻ:
,, എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്;

(ബി) ഇവരുടെ പേരും ഭൂമിലഭിച്ച സ്ഥാപനങ്ങളുടെ പേരു ടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭൂരഹിതർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 1991 മുതൽ 1996 വരെ എത്ര ഏക്കർ ഭൂമി ഭൂരഹിതർക്ക് പതിച്ചു നൽകിയിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഇ) ഭൂരഹിതരുടെ എണ്ണം ഓരോ വർഷവും എത്ര ലക്ഷം വീതം കൂടുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) 31-12-1995-വരെ 1,50,000 ഹെക്ടറോളം ഭൂമി ഇതിനകം പതിച്ചു നൽകിയിട്ടുണ്ട്. അഞ്ചുലക്ഷത്തി മുപ്പത്തിമൂന്നായിരം പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. പേരുവിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് സർക്കാർ തലത്തിൽ ലഭ്യമല്ല.

(സി, ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly